E 2357 (Pages : 3) Reg. No.................................

Name.......................................

# B.A./B.Sc. (MODEL I) DEGREE (C.B.C.S.S.) EXAMINATION, MAY 2016

## Second Semester

Additional Language—Malayalam

## കവിത

(2013 Admission onwards)

Time : Three Hours Maximum Marks : 80

### എ വിഭാഗം

ഒന്നു മുതൽ പത്തുവരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. മഴതൻ മറ്റേതോ മുഖം ആരുടെ കാവ്യസമാഹാരമാണ് ?
2. അടിമകളുടെയും സ്ത്രീകളുടെയും ഉയിർപ്പിൻെറ പുരാണമായ കുരീപ്പുഴയുടെ കവിതയുടെ പേരെഴുതുക.
3. ഉപരികുന്ന് ആരുടെ നോവലാണ് ?
4. നൂലാമാല ആരുടെ നാടകമാണ് ?
5. ബാലരാമായണം ആരുടെ കൃതിയാണ് ?
6. വൈലോപ്പിള്ളിയുടെ ആത്മകഥയുടെ പേര്.
7. ഇന്ത്യൻ ലിറ്ററേച്ചറിൻെറ പത്രാധിപരായിരുന്ന മലയാള കവി.
8. ശാന്ത ആരുടെ കവിതയാണ് ?
9. കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം നേടിയ പി. കുഞ്ഞിരാമൻ നായരുടെ കാവ്യസമാഹാരം ഏത് ?
10. മാധവിക്കുട്ടിയുടെ ആത്മകഥയുടെ പേര്.

(10 × 1 = 10)

### ബി വിഭാഗം

ഒരു ഖണ്ഡികയിൽ (അമ്പതു വാക്ക് ) കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. ജാതക ദോഷം ! വന്നെന്തിന്നെൻ

ജയാപദവി വരിച്ചു നീ

—ആശയമെന്ത് ?

Turn over

12. നിൻ കഥയോർത്തെൻ കരളുരുകി
സ്സങ്കല്പത്തിൽ വിലയിക്കേ

—ആരുടെ കഥയോർത്ത് ? സന്ദർഭം എഴുതുക.

13. മാമക പ്രേമം നിത്യ-
മൂകമായിരിക്കട്ടെ

—ഇങ്ങനെ പറയുവാനുള്ള കാരണമെന്ത് ?

14. നഗ്ന ചന്ദ്രികയിലെൻ മനസ്സേ നീയും പൂർണ
മഗ്നമായ് മറന്നിരുന്നൊരു ഗീതകം ചൊല്ലൂ

—സന്ദർഭം എഴുതുക.

15. "പ്രേമികൾക്ക് പ്രേമം മാത്രം മതം"—കവിയുടെ ചിന്തയ്ക്ക് കാരണമെന്ത് ?

16. "എന്തു നേടീ ജീവിതത്തിൽ ചോദിക്കുന്നു നക്ഷത്രങ്ങൾ"—ചോദ്യത്തിനുള്ള കാരണമെന്ത് ?

17. "നിറമിഴിയാൽ കണ്ടേൻ പിന്നെ
സുകൃതമയം നിൻ കർമ്മം"

—ആശയമെന്ത് ?

18. യശോധരയെ കവയിത്രി അവതരിപ്പിക്കുന്നതെങ്ങനെ ?

19. റോസ്മേരിയുടെ കവിതയുടെ പ്രത്യേകതയെന്ത് ?

20. പരിസ്ഥിതി കവിതയുടെ പ്രാധാന്യമെന്ത് ?

21. "പുഴയായിരുന്നു ഞങ്ങളുടെ ലോകത്തിൻെറ
സീമ, ഉദയം, അസ്തമയം, കാലം"

—കാരണമെഴുതുക.

22. "മുറ്റം നിറയെപ്പടർന്നു മുറ്റും
പച്ചക്കളകൾ കണ്ടോ"

—ആശയമെന്ത് ?

(8 × 2 = 16)

## സി വിഭാഗം

ഒരു പേജിൽ (നൂറു വാക്ക് ) കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. പറക്കം എന്ന കവിതയെ വിലയിരുത്തുക.

24. സ്ത്രീപക്ഷ കവിതയുടെ പ്രാധാന്യമെഴുതുക ?

25. "നന്നു നന്നു യാത്രക്കാരാ നിൻ മുറവിളിയാൽ ദൂരേ
യ്ക്കുന്നം വെച്ചു നീങ്ങുന്നൊരിത്തോണി മുങ്ങുമോ ?"
—ആശയമെന്ത് ?

26. മാമ്പഴപ്പാത എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

27. "കരതാരിലണഞ്ഞ ലക്ഷ്മിയെ
ത്വരയിൽ തട്ടിയെറിഞ്ഞു നിഷ്കൃപം"
—ആശയമെഴുതുക.

28. "അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ"
—ആശയം വ്യക്തമാക്കുക.

29. "എല്ലുപൊക്കിയ ഗോപുരങ്ങൾ കണക്ക്
ഞങ്ങളുയർന്നിടും
കല്ലുപാകിയ കോട്ടപോലെയുണർന്നു
ഞങ്ങളു നേരിടും"
—വിശദമാക്കുക.

30. ഡി. വിനയചന്ദ്രൻെറ 'ചരിത്രം' എന്ന കവിതയെ വിലയിരുത്തുക.

31. "സമയമാകുന്നു പോകുവാൻ–രാത്രിതൻ
നിഴലുകൾ നമ്മൾ–പണ്ടേ പിരിഞ്ഞവർ"
—ആശയം വിശദമാക്കുക.

(6 × 4 = 24)

## ഡി വിഭാഗം

നാലു പേജിൽ (നാനൂറു വാക്ക് ) കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. "പുത്തൻകലവും അരിവാളും"—പഠനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

33. ചങ്ങമ്പുഴ, ജി. ശങ്കരക്കുറുപ്പ് എന്നിവരുടെ കാവ്യപരമായ പ്രത്യേകതകൾ വിലയിരുത്തുക.

34. ആധുനിക കവിതയുടെ സവിശേഷതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

**അല്ലെങ്കിൽ**

35. 'പുരുരവസ്സ് ' എന്ന കവിതയ്ക്ക് ഒരാസ്വാദനം എഴുതുക.

(2 × 15 = 30)